പത്രക്കുറിപ്പ്

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച പ്രതി പിടിയിൽ

# യുവാവിനെ ആക്രമിച്ച കേസ്സിലെ പ്രതികൾ പിടിയിൽ

# സമ്പൂർണ്ണ ലോക്ക് ഡൗൺ:- ശനി, ഞായർ ദിവസങ്ങളിൽ നഗരത്തിൽ കർശന നിയന്ത്രണങ്ങൾ

തിരുവനന്തപുരം :- പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഢിപ്പിച്ച് ഗർഭിണിയാക്കിയ കേസിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വള്ളക്കടവ് ഗംഗ ഭവനിൽ മുത്തു എന്ന് വിളിക്കുന്ന അഖിനേഷ് അശോക് (21)-നെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്.

ഒളിവിൽ കഴിഞ്ഞ് വരികയായിരുന്ന പ്രതിയെക്കുറിച്ച് കഴക്കൂട്ടം സൈബർസിറ്റി അസ്സിസ്റ്റന്റ് കമ്മീഷണർ ഷൈനു തോമസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ ബിജു.യു, സി.പി.ഒ-മാരായ സജാദ് ഖാൻ, അൻസിൽ, അരുൺ.എസ്.നായർ, സുജിത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയുടെ സുഹൃത്തിന്റെ വള്ളക്കടവിലുള്ള


കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത അഖിനേഷ് അശോക് (21)

വീട്ടിൽ നിന്നും ഇന്നലെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## യുവാവിനെ ആക്രമിച്ച കേസ്സിലെ പ്രതികൾ പിടിയിൽ

തിരുവനന്തപുരം :- കോവളത്ത് യുവാവിനെ മാരകായുധങ്ങളുമായി ആക്രമിച്ച കേസ്സിലെ പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെള്ളാർ പൊറ്റവിള വീട്ടിൽ അമലുണ്ണി എന്ന് വിളിക്കുന്ന അമൽ (23), വെള്ളാർ അരിവാൾ കോളനിയിൽ കാട്ടിലെ കണ്ണൻ എന്ന് വിളിക്കുന്ന വിമൽമിത്ര (20), വിഴിഞ്ഞം ടൗൺഷിപ്പ് കോളനിയിൽ ഇൻഷാദ് (23), കുഴിവിളാകം കുന്നിൽ വീട്ടിൽ വിഷ്ണു പ്രകാശൻ (21), കുഴിവിളാകത്ത് ആറ്റരികത്ത് വീട്ടിൽ മുണ്ടാപ്പി എന്ന് വിളിക്കുന്ന സുമേഷ് (21), കെ.എസ് റോഡിൽ ഖാദർ എന്ന് വിളിക്കുന്ന നാദിർഷ (21) എന്നിവരെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 21-നാണ് യുവാവിന് നേരെ ആക്രമണം നടന്നത്. രാത്രി 10.30 മണിയോടെ കണ്ണൻകോട് എ.എസ് ബേക്കറിയ്ക്ക് സമീപം നിൽക്കുകയായിരുന്ന ആഴാകുളം സ്വദേശി അഖിലിനെ ആറംഗസംഘം മാരകായുധങ്ങളുമായി



യുവാവിനെ ആക്രമിച്ച കേസിൽ കോവളം പോലീസ് അറസ്റ്റ് ചെയ്ത പ്രതികൾ

ആക്രമിച്ച് പരിക്കേൽപ്പിക്കുകയായിരുന്നു. പ്രതികൾക്കെതിരെ മുമ്പ് പോലീസിൽ പരാതി കൊടുത്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെ കോവളം ഇൻസ്പെക്ടർ ശ്രുപേഷ് രാജ്, എസ്.ഐ റസ്സൽ, സി.പി.ഒ മാരായ ഷിജു, ബിജേഷ്, ഷൈജു, ഷൈൻ ജോസ്, രാജേഷ് ബാബു എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## സമ്പൂർണ്ണ ലോക്ക് ഡൗൺ:- ശനി, ഞായർ ദിവസങ്ങളിൽ നഗരത്തിൽ കർശന നിയന്ത്രണങ്ങൾ

തിരുവനന്തപുരം:- ശനി, ഞായർ ദിവസങ്ങളിൽ സമ്പൂർണ്ണ ലോക്ക്ഡൗൺ ആയതിനാൽ നഗരത്തിൽ കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്ന് ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

മെഡിക്കൽ സ്റ്റോറുകളും, പാൽ, പച്ചക്കറി, അവശ്യഭക്ഷണ സാധനങ്ങൾ വിൽക്കുന്ന കടകളും മാത്രമേ തുറന്ന് പ്രവർത്തിക്കാൻ പാടുള്ളൂ. ഹോട്ടലുകളിൽ ഈ ദിവസങ്ങളിൽ ടേക്ക്-എവെ സംവിധാനം അനുവദിക്കില്ല. ഹോം ഡെലിവറി മാത്രമേ അനുവദിക്കൂ. ചായക്കടകൾ, തട്ടുകടകൾ എന്നിവ പ്രവർത്തിക്കാൻ പാടില്ല.

തുറന്ന് പ്രവർത്തിക്കാൻ അനുവാദമുള്ള വ്യാപാര സ്ഥാപനങ്ങൾ സമയക്രമവും കോവിഡ് പ്രോട്ടോക്കോളും കർശനമായും പാലിക്കേണ്ടതാണ്. ഇത് പരിശോധിക്കുന്നതിനായി കൂടുതൽ പട്രോളിംഗ് സംഘങ്ങളെ

എല്ലാ സ്റ്റേഷൻ പരിധികളിലും നിയോഗിച്ചിട്ടുണ്ട്. അത്യാവശ്യ സാധനങ്ങൾ വാങ്ങാനായി വീടുകളിൽ നിന്നും ഒരാൾ മാത്രം പോകേണ്ടതും അടുത്തുള്ള കടകൾ തെരഞ്ഞെടുക്കേണ്ടതും സാമൂഹിക അകലം പാലിച്ച് സാധനങ്ങൾ വാങ്ങേണ്ടതുമാണ്.

അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കും അവശ്യസർവ്വീസ് വിഭാഗങ്ങൾക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്കും മാത്രമേ യാത്ര അനുവദിക്കുകയുള്ളൂ. അനാവശ്യയാത്ര നടത്തുന്നവർക്കെതിരെ പോലീസ് കർശനനടപടി സ്വീകരിക്കും. സർക്കാർ അനുവദിച്ചിട്ടുള്ള അവശ്യസർവ്വീസ് വിഭാഗങ്ങളിൽ പ്രവർത്തിയെടുക്കുന്നവർ ജോലി സ്ഥലത്തേയ്ക്കും തിരികെയും നിശ്ചിതസമയങ്ങളിൽ മാത്രം യാത്ര ചെയ്യേണ്ടതും ഇവർ ഔദ്യോഗിക തിരിച്ചറിയൽ കാർഡും മേലധികാരിയുടെ സർട്ടിഫിക്കറ്റും കൈയ്യിൽ കരുതേണ്ടതുമാണ്. ട്രെയിൻ, വിമാനയാത്രക്കാർക്ക് ടിക്കറ്റും മറ്റു യാത്രാരേഖകളും കാണിച്ചാൽ യാത്ര അനുവദിക്കും. കൃത്യമായ രേഖകൾ കാണിച്ച് വാക്സിൻ എടുക്കാൻ പോകുന്നവർക്കും യാത്ര ചെയ്യാവുന്നതാണ്.

നഗരാതിർത്തി പ്രദേശങ്ങൾ പോലീസ് ബാരിക്കേഡ് വച്ച് അടച്ച് കർശനപരിശോധന നടത്തും. കൂടാതെ നഗരത്തിലെ എല്ലാ സ്റ്റേഷൻ പരിധികളിലുമുള്ള പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് 70 ചെക്കിങ്ങ് പോയിന്റുകളും ക്രമീകരിച്ചിട്ടുണ്ട്.

പോലീസ് ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങളോട് എല്ലാവരും സഹകരിക്കണമെന്നും, സമ്പൂർണ്ണ ലോക്ക്ഡൗൺ ആയ രണ്ട് ദിവസങ്ങളിലും

പൊതുജനങ്ങൾ അനാവശ്യമായി പുറത്തിറങ്ങാതെ വീട്ടുകളിൽ തന്നെ കഴിയണമെന്നും, വിലക്ക് ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം വിട്ടുവീഴ്ചയില്ലാത്ത കർശന നിയമനടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
25-06-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി